# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1258** — 12-03-2015-ൽ മറുപടിക്ക്

### സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2014-15 വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി എത്ര ടൺ നെല്ല് സംഭരിച്ചുവെന്നും വിവിധ പ്രദേശങ്ങളിൽ നെല്ല് സംഭരണത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (എ) | 2014-15 ഒന്നാം സീസണിൽ സപ്ലൈകോ 1.43 ലക്ഷം മെ.ടൺ നെല്ല് സംഭരിച്ചു. രണ്ടാം സീസണിൽ 5-3-2015 വരെ 67217 ടൺ സംഭരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിരിക്കുന്ന നിശ്ചിത ഗുണവാരത്തിലുള്ള നെല്ലാണ് സപ്ലൈകോ സംഭരിക്കുന്നത്. നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്യുന്ന അപേക്ഷയിൽ തന്നെ സപ്ലൈകോയുടെ നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ നിബന്ധനകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഒരു ക്വിന്റൽ നെല്ലിൽനിന്നും നിശ്ചിത അളവ് കുറവ് ചെയ്യാൻ (പതിരിന്റെയും മറ്റും പേരിൽ ) അനുമതി നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തെന്നും വെളിപ്പെടുത്താമോ ; | (ബി) | സപ്ലൈകോ അനുമതി നൽകിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലു സംഭരണ പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. ഈ പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന നിശ്ചിത ഗുണനിലവാരത്തിലുള്ള നെല്ല് സംഭരിക്കുന്നു. സംഭരിക്കുന്ന നെല്ലിന്റെ 68% നിശ്ചിത ഗുണനിലവാരത്തിലുള്ള അരി പൊതു വിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യേണ്ടതാണ്. കേന്ദ്രഗൺമെന്റ് നിശ്ചയിച്ചിരിക്കുന്ന നെല്ലിന്റെ ഗുണനിലവാരം മേൽ നിബന്ധനയിൽ 13-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ശേഖരിച്ച നെല്ലിന് കർഷകർക്ക് കൊടുത്തു തീർക്കാനുള്ള തുക എത്രയെന്നും ഇത് ഏത് മാസം വരെയുള്ളതാണെന്നും വ്യക്തമാക്കുമോ ; | (സി) | 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വിലയായ 54.7 കോടി രൂപ പൂർണ്ണമായും നൽകി കഴിഞ്ഞു. 2015 ഫെബ്രുവരി 15 ന് ശേഷം ലഭിച്ച PRS (പാഡി റസീറ്റ് ഷീറ്റ്) വേരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണത്തിന് ഈ വർഷം എത്ര കോടി രൂപയാണ് അനുവദിച്ചിരുന്നതെന്നും പ്രസ്തുത തുക പൂർണ്ണമായും നെല്ല് സംഭരണത്തിന് ഉപയോഗിച്ചോയെന്നും വ്യക്തമാക്കുമോ ? | (ഡി) | 2014-15 സാമ്പത്തിക വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ല് സംഭരണത്തിന് 190 കോടി രൂപയാണ് അനുവദിച്ചത്. ടി തുക പൂർണ്ണമായും കർഷകർക്ക് നെല്ല് വില നൽകുന്നതിനാണ് വിനിയോഗിച്ചത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# നെല്ലുസംഭരണം - കർഷക രജിസ്ട്രേഷൻ - അപേക്ഷ സമർപ്പണം

# പൊതു നിബന്ധനകൾ

1. കൃഷിയിറക്കുന്ന ഓരോ സീസണിലും വിതച്ച് 30 മുതൽ 40 ദിവസത്തിനുള്ളിൽ കർഷകർ നേരിട്ട് ഓൺലൈൻ അപേക്ഷ അനുസരിച്ച് വിവരങ്ങൾ രേഖപ്പെടുത്തുക, രജിസ്ട്രേഷൻ പൂർത്തീകരിച്ച് ലഭിക്കുന്ന തിരിച്ചറിയൽ നമ്പർ പ്രകാരം മാത്രമേ അതത് സീസണിൽ നെല്ലുസംഭരണത്തിന് പരിഗണിക്കുകയുള്ളൂ.
2. കർഷകന് ഭൂപരിധി നിയമപ്രകാരം ഉടമസ്ഥാവകാശമുള്ള കൃഷി സ്ഥലത്തിന് സ്വന്തം പേരിൽ അപേക്ഷ സമർപ്പിക്കാം.
3. സ്വന്തം പേരിൽ ഉടമസ്ഥാവകാശം ഇല്ലാത്ത സ്ഥലത്ത് കൃഷിക്ക് താത്കാലിക കൃഷി എന്ന് രേഖപ്പെടുത്തി മറ്റൊരു അപേക്ഷ കൂടി സമർപ്പിക്കാം.
4. കർഷകർ പാടശേഖരാടിസ്ഥാനത്തിൽ വേണം അപേക്ഷയിൽ വിവരങ്ങൾ രേഖപ്പെടുത്താൻ.
5. കർഷകർ സ്വന്തം പേരിലുള്ള ബാങ്ക് അക്കൗണ്ട് നൽകിയായിരിക്കണം അപേക്ഷ സമർപ്പിക്കാൻ.
6. രജിസ്ട്രേഷൻ നമ്പർ ലഭിച്ചതിനുശേഷം അപേക്ഷയിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ മാറ്റുന്നതിനു കർഷകർ രേഖാമൂലം അപേക്ഷ പാഡി മാർക്കറ്റിംഗ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
7. രജിസ്ട്രേഷനു നൽകിയ വിവരങ്ങൾ എപ്പോൾ വേണമെങ്കിലും കോർപ്പറേഷൻ പരിശോധനയ്ക്കു വിധേയമാക്കിയേക്കും. തെറ്റായ വിവരങ്ങൾ നൽകുന്ന അപേക്ഷകൾ പ്രകാരം തിരിച്ചറിയൽ നമ്പർ ലഭിക്കാതിരിക്കുകയോ അഥവാ ലഭിച്ച് നെല്ലെടുത്താൽ പണം ലഭിക്കാതിരിക്കുകയോ ചെയ്യാവുന്നതാണ്.
8. തിരിച്ചറിയൽ നമ്പർ ലഭിച്ചുകഴിഞ്ഞ് കൃഷിയിടമോ മറ്റു വിവരങ്ങളോ പരിശോധിക്കുമ്പോൾ ക്രമക്കേടുള്ളതായി കണ്ടാൽ രജിസ്ട്രേഷൻ അസാധുവായിത്തീരുന്നതാണ്.
9. ഈ രജിസ്ട്രേഷൻ പ്രകാരം സപ്ലൈകോയുടെ പാഡി മാർക്കറ്റിംഗ് ഓഫീസർ പരിശോധിച്ച നെല്ലു മാത്രമേ സപ്ലൈകോ സംഭരിക്കുകയുള്ളൂ.
10. സംഭരിക്കുന്ന നെല്ലിന്റെ ഗുണനിലവാരം സംബന്ധിച്ച സൂചകങ്ങൾ.

| ഘടകങ്ങൾ | ബാഹ്യവസ്തുക്കൾ | | കേടായത്, നിറം മാറിയത്, മുളച്ചത്, കീടബാധയേറ്റത് | പാകമാകാത്തതും ചുരുങ്ങിയതും | താഴ്ന്ന ഇനങ്ങളുടെ കലർപ്പുകൾ | ഈർപ്പം |
|---|---|---|---|---|---|---|
| പരമാവധി ശതമാനം (%) | ജൈവം 1 | അജൈവം 1 | 4.0 | 3.0 | 7.0 വരെ | 17.0 വരെ |

പട്ടിക പ്രകാരം അനുവദനീയമായ പരിധിയിൽ കൂടുതലുള്ള നെല്ല് സംഭരിക്കുന്നതല്ല.

11. പാഡി മാർക്കറ്റിംഗ് ഓഫീസർ നിശ്ചയിക്കുന്ന സംഭരണ കേന്ദ്രത്തിൽ ലോറി എത്തുന്ന സ്ഥലത്ത് നെല്ല് എത്തിച്ചുകൊടുക്കേണ്ടതും നെല്ല് ചാക്കിൽ നിറയ്ക്കുന്നതിനും ലോറിയിൽ കയറ്റുന്നതിനും സഹായിക്കേണ്ടതാണ്. (ഓരോ പാടശേഖരത്തിനും പാഡി മാർക്കറ്റിംഗ് ഓഫീസർ നിശ്ചയിക്കുന്ന മില്ലുകാരുടെ പക്കൽനിന്നും ചാക്ക് ലഭിക്കുന്നതാണ്.)
12. അതത് സീസണിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന നെല്ലിന്റെ വില കർഷകന് ബാങ്ക് അക്കൗണ്ട് വഴി മാത്രമേ ലഭിക്കുകയുള്ളൂ.
13. എത്തിക്കുന്ന നെല്ലിന്റെ തൂക്കം, ഗുണനിലവാരം എന്നിവ നെല്ല് നൽകിയ കർഷകൻ അപ്പോൾത്തന്നെ ഉറപ്പുവരുത്തേണ്ടതാണ്. നെല്ല് ചാക്കിൽ നിറച്ചശേഷമുള്ള യാതൊരു പരാതിയും സ്വീകരിക്കുന്നതല്ല. എടുക്കുന്ന നെല്ലിന്റെ അളവ് കൃഷിയിടത്തിന് ആനുപാതികമായി നിശ്ചയിച്ചിട്ടുള്ള അളവാണോ എന്ന് പേയ്മെന്റ് നൽകുന്ന അവസരത്തിൽ പരിശോധിക്കുന്നതാണ്.
14. പി.ആർ.എസിൽ രേഖപ്പെടുത്തിയിട്ടുള്ള തൂക്കം മാത്രമേ അംഗീകരിക്കുകയുള്ളൂ. നെല്ല് നൽകി പി.ആർ.എസ് കൈപ്പറ്റിയശേഷമുള്ള പരാതികൾക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉത്തരവാദിയല്ല.
15. പൂർണമല്ലാത്തതോ അവ്യക്തമായി എഴുതിയതോ തിരുത്തലുള്ളതോ ആയ പി.ആർ.എസിന് പേയ്മെന്റ് ലഭിക്കുന്നതല്ല.
17. തെറ്റായി നൽകുന്ന വിവരങ്ങൾ മൂലമോ മറ്റെന്തെങ്കിലും ക്രമക്കേടുകൾ മുഖേനയോ ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾക്ക് കർഷകൻതന്നെ ഉത്തരവാദിയായിരിക്കും.

മേൽപ്പറഞ്ഞ നിബന്ധനകൾ വായിച്ച് മനസിലാക്കി, സമ്മതമാണ്.

സെക്ഷൻ ഓഫീസർ